# പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം
## (ഹയർസെക്കന്ററി വിഭാഗം)
## ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹയർസെക്കന്ററി വിഭാഗം - ജീവനക്കാര്യം- സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ **ഹയർസെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) അറബിക്** തസ്തികയിൽ 45600-95600/- രൂപ ശമ്പള സ്കെയിലിൽ എച്ച്.എസ്.എ വിഭാഗത്തിൽ നിന്നുമുള്ള NJD ഒഴിവുകളിലേക്ക് തസ്തികമാറ്റം നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉത്തരവ് നമ്പർ എഡി. സി1/251279/2022/ഡി.ജി.ഇ** **തീയതി : 22/02/2023**

---

പരാമർശം :
1. 16/04/2001 തീയതിയിലെ ജി.ഒ (പി) 144/2001/പൊ.വി.വ നമ്പർ ഉത്തരവ്.
2. 01/12/2015 ലെ സ.ഉ.(കൈ) നം. 296/2015/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
3. 26/08/2016 ലെ സ.ഉ. (പി) 144/2016/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
4. 30/01/2021 ലെ സ.ഉ. (അച്ചടി) നം. 2/2021/ പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
5. 25/03/2022 ലെ ജെ4/72/2021/ പൊ.വി.വ നമ്പർ സർക്കാർ കത്ത്.
6. 10/08/2022 - ലെ എഡി ബി2/194881/2021/ഡി.ജി.ഇ നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച അന്തിമ സീനിയോറിറ്റി ലിസ്റ്റ്.
7. 11/08/2022 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
8. 10/01/2023 ലെ എഡി ബി2/194881/2021/ഡി.ജി.ഇ നമ്പർ ഉത്തരവ്.
9. ഒ.എ (EKM) നം. 1792/2022 ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച 02/12/2022 ലെ വിധിന്യായം.

## ഉത്തരവ്

പരാമർശം (1) പ്രകാരം ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിലെ ഓരോ വിഷയത്തിലേയും ഹയർസെക്കന്ററി ജൂനിയർ തസ്തികയുടെ 25% തസ്തികകൾ തസ്തികമാറ്റ നിയമനത്തിനായി സംവരണം ചെയ്തിട്ടുണ്ട്. പരാമർശം (2), (3) സർക്കാർ ഉത്തരവുകൾ പ്രകാരം എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിലേക്കുള്ള 25% തസ്തികമാറ്റ നിയമന ക്വാട്ടയിലെ എച്ച്.എസ്.എ, യു.പി.എസ്.എ/ എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർസെക്കന്ററി വിഭാഗം) & ലാബ് അസിസ്റ്റന്റ് (ഹയർസെക്കന്ററി വിഭാഗം) എന്നീ വിഭാഗങ്ങൾക്ക് യഥാക്രമം 70:20:5:5 എന്നിങ്ങനെ സബ് ക്വാട്ട അനുവദിച്ച്, എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്കായി 01/01/2016 മുതൽ ഉണ്ടാകുന്ന തസ്തികമാറ്റ ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നികത്തുന്നതിന് സർക്കാർ ഉത്തരവായിരുന്നു. എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള തസ്തികമാറ്റ നിയമനങ്ങൾക്ക് കാലതാമസം നേരിടുന്നതിനാൽ അക്കാദമിക താൽപ്പര്യങ്ങൾ കണക്കിലെടുത്ത് എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികകളിൽ നിന്നും 01/01/2016 മുതൽ 28/12/2020 വരെ തസ്തികമാറ്റ നിയനങ്ങൾക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേക്കുള്ള തസ്തികമാറ്റ നിയമനങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ പൂർത്തിയാക്കണമെന്ന് പരാമർശം (4) ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.

2. പരാമർശം (4) സർക്കാർ ഉത്തരവിന്റെയും തസ്തികമാറ്റ നിയമനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കി സർക്കാരിനെ അറിയിക്കണമെന്ന പരാമർശം (5) സർക്കാർ കത്തിന്റെയും അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം തയ്യാറാക്കിയ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എച്ച്.എസ്.എ, യു.പി.എസ്.എ/എൽ.പി.എസ്.എ, മിനിസ്റ്റീരിയൽ സ്റ്റാഫ് (ഹയർസെക്കന്ററി വിഭാഗം) & ലാബ് അസിസ്റ്റന്റ് (ഹയർസെക്കന്ററി വിഭാഗം) എന്നീ വിഭാഗങ്ങൾക്ക് **ഹയർസെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) അറബിക്** തസ്തികയിൽ 01/01/2016 മുതൽ 28/12/2020 വരെയുള്ള വർഷാടിസ്ഥാനത്തിലുള്ള ഒഴിവുകളിലേക്ക് 70:20:5:5 എന്ന അനുപാതത്തിൽ പരാമർശം (3) ഉത്തരവിലെ റൊട്ടേഷൻ ചാർട്ട് പ്രകാരം പരാമർശം (7) പ്രകാരം നിയമന ഉത്തരവ് നൽകിയിരുന്നു.

3. മേൽ പ്രകാരം നൽകിയ തസ്തികമാറ്റ നിയമനങ്ങളിൽ എച്ച്.എസ്.എ. വിഭാഗത്തിൽ ഉണ്ടായിട്ടുള്ള NJD ഒഴിവുകൾ നികത്തുന്നതിനായി പരാമർശം (9) വിധിന്യായത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിരുന്നു.

4. മേൽപ്പറഞ്ഞ വിധിന്യായം നടപ്പിലാക്കുന്നതിലേക്ക് **ഹയർസെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) അറബിക് തസ്തികയിൽ** എച്ച്.എസ്.എ. വിഭാഗത്തിൽ ഉണ്ടായിട്ടുള്ള NJD ഒഴിവുകളിൽ പരാമർശം (6), (8) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അദ്ധ്യാപകർക്ക് താഴെ പറയും പ്രകാരം അവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള സ്കൂളുകളിലേക്ക് തസ്തികമാറ്റ നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | പേര്, ജനന തീയതി | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ/ഓഫീസ് | വിഭാഗം | നിയമനം നൽകുന്ന സ്കൂൾ |
|---|---|---|---|---|---|
| **2017 സീനിയോറിറ്റി ലിസ്റ്റ്** | | | | | |
| 1 | 11 | **ZEENATH M**<br>10/01/1973<br>PEN – 292428 | Govt VHSS Pallarai mangalam, Ernakulam (27037) | HSA | GHSS MANGALAPADY, KASARAGOD (14069) |
| 2 | 12 | **SAFEERUDHEEN A**<br>04/05/1977<br>PEN-27992 | Peroor GMVHSS Kollam (41065) | HSA | GFHSS CHERUVATHOOR, KASARAGOD (14061) |
| 3 | 13 | **SHAJUDHEEN M**<br>03/05/1981<br>PEN- 509144 | Govt TTI Kollam (41465) | HSA | GVHSS MOGRAL, KASARAGDO (14062) |
| **2019 സീനിയോറിറ്റി ലിസ്റ്റ്** | | | | | |
| 4 | 14 | **ABDUL KHADER P**<br>16/02/1968<br>PEN-322293 | GHSS Cherpalchery, Palakkad (20043) | HSA | GHSS CHEMMANAD, PARAVANA DUKKAM, KASARAGOD (14056) |

| | | | | | |
|---|---|---|---|---|---|
| 5 | 15 | **BASHEER K**<br>24/05/1978<br>PEN-319662 | GHSS Thenkara, Palakkad (12223) | HSA | GHSS ANGADIMUGAR, KASARAGOD (14051) |
| 6 | 16 | **SHAMEER V**<br>28/05/1982<br>PEN-457459 | GHSS Pannur, Kozhikode (47096) | HSA | GHSS UPPALA, KASARAGOD (14039) |
| **2020 സീനിയോറിറ്റി ലിസ്റ്റ്** | | | | | |
| 7 | 17 | **RIYAS A**<br>15/02/1980<br>PEN-650429 | GHS Nallalam, Kozhikode (17111) | HSA | GHSS PAIVALIKA NAGAR, KASARAGOD (14014) |

5. നിയമനം ലഭിച്ച അദ്ധ്യാപകർ/ജീവനക്കാർ വിദ്യാഭ്യാസ യോഗ്യത (equivalence ഉൾപ്പെടെ) തെളിയ്ക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം 7 ദിവസത്തിനകം നിയമനം ലഭിച്ചിട്ടുള്ള, ഓഫീസ് മേലധികാരി മുമ്പാകെ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇവരുടെ നിയമനോത്തരവ് റദ്ദ് ചെയ്യുന്നതുമാണ്. **അടുത്ത പൊതുസ്ഥലംമാറ്റത്തിലോ/ അഡ്ജസ്റ്റ്മെന്റ് സ്ഥലംമാറ്റത്തിലോ/ കോടതി/സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലോ യോഗ്യരായ അദ്ധ്യാപകരെ ടി സ്കൂളിൽ നിയമിക്കുന്നപക്ഷം നിയമനം ലഭിച്ചിട്ടുള്ള ടി ഉദ്യോഗാർത്ഥിയെ മറ്റൊരു സ്കൂളിലേക്ക് മാറ്റി നിയമിക്കുന്നതാണ്.** ബന്ധപ്പെട്ട പ്രിൻസിപ്പൽ/പ്രിൻസിപ്പലിന്റെ ചുമതല വഹിക്കുന്ന അദ്ധ്യാപകർ ഇവരുടെ നിയമനം **'conditional status'** എന്ന് ഈ വകുപ്പിന്റെ വെബ് സൈറ്റായ dhsetransfer.kerala.gov.in ൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ ടി പേർക്ക് ജോയിനിംഗ് ടൈം എക്സ്റ്റൻഷൻ, സ്കൂൾമാറ്റം എന്നിവ അനുവദിക്കുന്നതല്ല.

**ജോലിയിൽ പ്രവേശിപ്പിക്കുന്ന പ്രിൻസിപ്പാൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.**

- അദ്ധ്യാപകരെ/ജീവനക്കാരെ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പായി ജനന തീയതി, വിദ്യാഭ്യാസ യോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധിക്കേണ്ടതാണ്.
- നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വിടുതൽ ഉത്തരവ് പരിശോധിക്കേണ്ടതാണ്.
- അദ്ധ്യാപകരെ/ജീവനക്കാരെ ജോലിയിൽ പ്രവേശിപ്പിച്ചതിനുശേഷം അതാത് വിഷയത്തിന്റെ ഇ-മെയിൽ ഐ.ഡി യിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, പ്രസ്തുത വിവരം വകുപ്പിന്റെ വെബ് സൈറ്റിൽ അതേ ദിവസം തന്നെ അപ് ലോഡ് ചെയ്യേണ്ടതും ആയതിന്റെ പ്രിന്റ് ഔട്ട് സാക്ഷ്യപ്പെടുത്തി ഒരാഴ്ച്ചക്കകം ഹയർസെക്കന്ററി വിദ്യാഭ്യാസ വിഭാഗത്തിൽ അയച്ചു തരേണ്ടതുമാണ്.

- അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ അദ്ധ്യാപകർ/ജീവനക്കാർ ജോലിയിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ പ്രസ്തുത വിവരം ഉടൻ തന്നെ **പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കന്ററി വിഭാഗം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം – 695001**എന്ന വിലാസത്തിൽ രജിസ്റ്റേർഡ് തപാലിൽ ആമുഖ കത്ത് സഹിതം സമർപ്പിക്കേണ്ടതാണ്.

- ജോലിയിൽ പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്ന സമയപരിധി കഴിഞ്ഞ ശേഷം യാതൊരു കാരണവശാലും അദ്ധ്യാപകരെ/ജീവനക്കാരെ ജോലിയിൽ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.

6. എച്ച്.എസ്.എസ്.റ്റി ജൂനിയർ തസ്തികയിലേക്ക് നിയമനം ലഭിച്ച അദ്ധ്യാപകർ/ജീവനക്കാർ ടി തസ്തികയിൽ തുടരാൻ യോഗ്യരല്ലായെന്ന് തുടർ പരിശോധനയിൽ ബോധ്യപ്പെടുന്നപക്ഷം മറ്റൊരറിയിപ്പ് കൂടാതെ ടി അദ്ധ്യാപരെ/ജീവനക്കാരെ അവരുടെ പഴയ ലാവണത്തിലേക്ക് റിവേർട്ട് ചെയ്യുന്നതാണ്.

7. ബി.എഡ് യോഗ്യത നേടിയിട്ടില്ലാത്ത അദ്ധ്യാപകർ/ജീവനക്കാർ സ്പെഷ്യൽ റൂൾസിലെ നിബന്ധനകൾക്ക് വിധേയമായി സമയബന്ധിതമായി ബി.എഡ് യോഗ്യത നേടേണ്ടതാണ്.

8. OA(EKM) 1675/2019, OA(EKM) 06/2020, OA(EKM) 367/2021, OA(EKM) 404/2021, OA(EKM) 741/2022 & OA(EKM) 1071/2022, OA 1048/2022, എന്നീ നമ്പർ കേസുകളിലെയും കൂടാതെ തസ്തികമാറ്റ നിയമനവുമായി ബന്ധപ്പെട്ട ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിലുള്ള വിവിധ നമ്പർ കേസുകളിലെ അന്തിമ വിധിക്ക് വിധേയമായും നിലവിലെ സ്പെഷ്യൽ റൂൾസ് ഭേദഗതി വ്യവസ്ഥകൾക്ക് വിധേയമായും ഈ നിയമന ഉത്തരവ് പുനഃപരിശോധിച്ച് ആവശ്യമെങ്കിൽ ഇപ്രകാരം തസ്തികമാറ്റ നിയമനം ലഭിച്ചവരെ അവർ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന തസ്തികകളിലേക്ക് **റിവേർട്ട്** ചെയ്യുന്നതാണ്.

9. മേൽപ്പറഞ്ഞ പ്രകാരം പരാമർശം (9) വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

ഒപ്പ്/–
**ജീവൻ ബാബു.കെ, ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**പകർപ്പ് :**

1. ബന്ധപ്പെട്ട വ്യക്തികൾക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പാൾ, ഡി.ഇ.ഒ/ എ.ഇ.ഒ/എച്ച്.എം, ആർ.ഡി .ഡി.
3. സിഎ ടു പൊതുവിദ്യാഭ്യാസ ഡയറക്ടർ
4. സിഎ ടു സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (ഹയർസെക്കന്ററി വിഭാഗം)
5. ബന്ധപ്പെട്ട ട്രഷറി ഓഫീസർ.
6. കരുതൽ ഫയൽ/അധികം

ആജ്ഞാനുസരണം

സൂപ്രണ്ട്